തമ്മിൽ യോജിപ്പിച്ചതിനശേഷം അതിനികളെ സംബന്ധിച്ചിടത്തോളം പല അനാമലീസും ഉണ്ടു്. ഒരു ഉദാഹരണം പറയാം. പറവൂർ താലൂക്കിലുള്ള പുത്തൻചിറ പകുതി മുകുന്ദപുരം താലൂക്കിൽ ഒരു ദ്വീപുപോലെ കിടക്കുകയാണു്. തിരുവിതാംകൂറും കൊച്ചിയും പ്രത്യേകമായ കാലത്തുതന്നെ അങ്ങനെ കിടക്കുകയാണു്. ആ വില്ലേജിലെ ആളുകൾക്കു കരം ഒടുക്കണമെങ്കിലും, തഹസീൽദാരെ കണ്ടു് എന്തെങ്കിലും കാര്യം നടത്തണമെങ്കിലും അവരുടെ താലൂക്കുവിട്ടു് പറവൂർ താലൂക്കിൽ പോകണം. അതുപോലെതന്നെ വൈക്കം താലൂക്കിൽ, മണകുന്നം പകുതി എറണാകുളത്തിനടുത്തു കിടക്കുകയാണു്. അവർക്കു് എന്തെങ്കിലും കാര്യം സാധിക്കണമെങ്കിൽ മൂന്നു കടത്തുകടന്നു് വൈക്കത്തുപോകണം. അതുകൊണ്ടു് മണകുന്നം വില്ലേജ്—കണയന്നൂർ താലൂക്കിൽ ചേർക്കണമെന്നു് ഒരു അഭിപ്രായമുണ്ടു്. കോടതിയുടെ കാര്യത്തിലും ഈ വിഷമങ്ങൾ ഉണ്ടായിരുന്നു. ആ വിഷമം മിക്കവാറും ഇപ്പോൾ തീർന്നിരിക്കുകയാണു്. 1954-ൽ അതിലേയ്ക്കു് ഒരു കമ്മീഷനെ നിയമിച്ചിരുന്നു. ആ കമ്മീഷൻ വേണ്ട അന്വേഷണം നടത്തി കോടതികളുടെ അധികാരത്തിനു സംബന്ധിച്ചുണ്ടായിരുന്ന ചില്ലറ കുഴപ്പങ്ങൾ ശരിയാക്കിയിട്ടുണ്ടു്. ഡാക്ടർ എ. ആർ. മേനോനും, ശ്രീ. ടി. ഇ. ദിവാകരനും പറഞ്ഞതുപോലെ, സംസ്ഥാനത്തിനു് രൂപഭേദം വരുമ്പോൾ ഇതുകൊണ്ടു് കൂടുതൽ ദോഷമൊന്നുംതന്നെ വരികയില്ലെന്നുവേണം സാധാരണമായിട്ടു് വിചാരിക്കാൻ. അഥവാ റിപ്പോർട്ട് പാസ്സാക്കുകയും, ഇവിടെ അതിന്റെ ആവശ്യമില്ലെന്നു പ്രഖ്യാപിക്കുകയുംചെയ്താൽ കമ്മിറ്റിയുടെ പ്രവർത്തനം വേണ്ടെന്നുണ്ടെങ്കിൽ അങ്ങനെ ചെയ്യാം.

ശ്രീ. ടി. ഇ. ദിവാകരൻ: ഐറ്റം 26—, 125—200 ഉപചിക സ്കെയിലിൽ ഒരു ക്ലറിക്കൽ ഗ്രേഡു് കാണുന്നു. അങ്ങനെയൊരു ഗ്രേഡു് സംസ്ഥാനത്തുണ്ടോ? ലോവറും അപ്പറും എന്നു രണ്ടല്ലേ ഉള്ളു?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: ഇതിൽ അങ്ങനെ പറഞ്ഞിരിക്കുന്നു. സൂക്ഷ്മമായി നോക്കട്ടെ പറയാം.

ഈ വകയ്ക്കുള്ളതു പരിഗണിച്ചു് ഈ ഉപധനാഭ്യർത്ഥന അനുവദിച്ചുതരണമെന്നാണു് എന്റെ അപേക്ഷ.

The question that a supplementary sum not exceeding Rs. 48,200 be granted under Demand IX-25—General Administration was put and carried.

The grant was made.

Demand XII-25. General Administration.

Home Minister (SHRI. A. J. JOHN): I move for a Supplementary grant of Rs. 1,07,200 under Demand XII-25-General administration.

Chief Minister (SHRI. PANAMPILLI GOVINDA MENON): I second it.

ശ്രീ. എ. ജെ. ജോൺ: ഐറ്റം 28—ൽ ചേർത്തിരിക്കുന്നതു് 11,600 രൂപയാണു് അതായതു്, തൃശ്ശൂർ ഡിസ്ട്രിക്റ്റ് കളക്ടറാഫീസിൽ,

LIBRARY ARCHIVES Kerala Legislative Assembly

[ശ്രീ. എ. ജെ. ജോൺ]

70–150 രൂപ ശമ്പള നിരക്കിൽ ഒരു അപ്പർഡിവിഷൻ ക്ലാർക്കിനെ നിയമിച്ചതിലേയ്ക്കും, തൃശ്ശൂർ, എറണാകുളം എന്നീ രണ്ടു ഡെപ്യൂട്ടി കളക്ടർമാരുടെ ആഫീസു് സ്റ്റാഫിന്റെ ശമ്പളത്തിനും വേണ്ടിയാണു് ഈ 11,600 രൂപ ഉൾപ്പെടുത്തിയിരിക്കുന്നതു്.

29–ാമതു് ഐറ്റത്തിൽ തൃശ്ശൂരും, എറണാകുളത്തുമുള്ള ഡെപ്യൂട്ടി കളക്ടർമാരാഫീസുകളിലേയ്ക്കു് ടെമ്പററി സ്റ്റാഫിന്റെ, അതായതു് നാലു് ക്ലാർക്കു്, ഒരു ടൈപ്പിസ്റ്റു്, രണ്ടു കോപ്പിസ്റ്റു്, രണ്ടു പ്യൂൺ എന്നിവരുടെ ശമ്പളത്തിനു വേണ്ടിയാണു് 14000 രൂപ ചൊള്ളിച്ചിരിക്കുന്നതു്.

30–ാമതു് ഐറ്റത്തിൽ ചേർത്തിരിക്കുന്നതു്, മേൽപ്പറഞ്ഞ ഡെപ്യൂട്ടി കളക്ടർമാരുടെ ആഫീസു് ഫർണിച്ചർ വാങ്ങുന്നതിനും നന്നാക്കുന്നതിനും ആവശ്യമുള്ള 500 രൂപയാണു്.

31–ാമതു് ഐറ്റത്തിൽ ചേർത്തിരിക്കുന്നതു് താലൂക്കു് ആഫീസുകളിൽ റവന്യൂ റിക്കവറി ആക്ടനുസരിച്ചുള്ള കൂടിശ്ശിക പിരിക്കുന്നതിലേയ്ക്കായി, നിയമിച്ചിട്ടുള്ള 36 ക്ലാർക്കുമാരുടെ ശമ്പളത്തിനു വേണ്ടിയുള്ള 19,800 രൂപയാണു്.

32–ാമതു് ഐറ്റത്തിൽ ചേർത്തിരിക്കുന്നതു് ഡിക്രിത്തുക കൊടുക്കാനുള്ള 12,000 രൂപയാണു്.

33–ാമതു് ഐറ്റത്തിൽ Contingencies–pay of Menials ഇനത്തിൽ കൊടുക്കുന്നതിനുവേണ്ടിയുള്ള 1,000 രൂപയാണു് ചേർത്തിരിക്കുന്നതു്.

34–ാമത്തെ ഐറ്റത്തിൽ ചേർത്തിരിക്കുന്നതു്, ചെങ്കോട്ട താലൂക്കു് ആഫീസിലേയ്ക്കുള്ള വാടക കൂടിശ്ശിക കൊടുക്കുന്നതിനായിട്ടുള്ള 4,600 രൂപയാണു്.

35–ാമത്തെ ഐറ്റത്തിൽ ലാൻഡു് അക്വിസിഷനു വേണ്ടിയുള്ള 2,000 രൂപയാണു് കൊള്ളിച്ചിരിക്കുന്നതു്.

ശ്രീ. പി. എസ്സു്. നടരാജപിള്ള: ലാൻഡു് അക്വിസിഷൻ ചെയ്യുന്നതിനുള്ളതാണോ, കാമ്പൻസേഷൻ കൊടുക്കുന്നതിനാണോ?

SHRI. A. J. JOHN: It has been stated that the provision made in the Land Acquisition charges is insufficient to meet the demands in respect of awards passed subsequently.

ഐറ്റം 36–ൽ കൊള്ളിച്ചിരിക്കുന്നതു്, മാക്കറേ് ബോർഡിനുണ്ടാക്കിയ ചെലവിലേയ്ക്കു് പി. ഡബ്ലിയു. ഡിപ്പാർട്ടുമെൻറിലേയ്ക്കു് കൊടുക്കാനുള്ളതാണു്. മാക്കറേക്കും ഇപ്പോൾ പഞ്ചായത്തുകളുടെ അധീനതയിലായിരിക്കുന്നതുകൊണ്ടു് ഈ ബോർഡുകളുടെ ആവശ്യം ഇല്ലാതെ വന്നിരിക്കുകയാണു്. എങ്കിലും പി. ഡബ്ലിയു. ഡി. യിലേയ്ക്കു് തുക കൊടുത്തുതീർക്കേണ്ടിയിരിക്കുന്നു.

ശ്രീ. പി. എസ്സു്. നടരാജപിള്ള: ഈ ഇരുപതിനായിരം രൂപ ചെലവുചെയ്തു് ഉണ്ടാക്കിയ ബോർഡുകൾ എന്തുചെയ്തു?

ശ്രീ. എ. ജെ. ജോൺ: അതെല്ലാം ഇരിപ്പുണ്ടു്. ലേലം ചെയ്യാൻ ഉദ്ദേശിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. എസ്സ്. നടരാജപിള്ള : തടിവിലയും വേലക്കൂലിയും വക്ഷാപ്പിലേയ്ക്കു കൊടുത്താൽ പോരെയോ? ഈ ഇരുപതിനായിരം രൂപയും വേറെ എന്തെങ്കിലും മുതൽ വരേണ്ടതല്ലേ?

ശ്രീ. എ. ജെ. ജോൺ : അതേപ്പറ്റി ആലോചിക്കാം.

ഐറ്റം 37–ൽ കൊള്ളിച്ചിട്ടുള്ള 2700 രൂപ, സ്റ്റാറ്റിസ്റ്റിക്സ് സംബന്ധിച്ച് തഹശീൽദാരന്മാർക്ക് കൊടുക്കാനുള്ള അഡീഷണൽ അലവൻസു വകയ്ക്കാണ്.

ഐറ്റം 38–ൽ കൊള്ളിച്ചിരിക്കുന്നതു്, ആലുവായിൽ നാവൽ ആർമമെൻറ് ഡിപ്പോ സംബന്ധിച്ചുള്ള ലാൻഡ് അക്വിസിഷനുവേണ്ടിയുള്ള സ്റ്റാഫിന് ആവശ്യമായ ശമ്പളം, അലവൻസ് മുതലായവയ്ക്കുള്ള തുകയാണ്. ഈ ചെലവു മുഴുവനും സെൻട്രൽ ഗവണ്മെൻറിൽനിന്നും തിരിച്ചുകിട്ടുന്നതാണ്.

ഐറ്റം 39–ൽ ചേർത്തിട്ടുള്ളതു്, ക്ലാക്കന്മാരായും, അക്കൌണ്ടൻറന്മാരായും കരം അളക്കുന്നതിനു് ടെയിനിംഗ് നൽകുന്നതിലേയ്ക്ക് ഒരു ടെയ്നിംഗ് കാളേജോ ടെയിനിംഗ് സ്കൂളോ ആരംഭിക്കുന്നതിലേയ്ക്ക് ആവശ്യം വരാവുന്ന ചെലവിലേയ്ക്കുള്ള സംഖ്യയാണ്. പഞ്ചവത്സരപദ്ധതി അനുസരിച്ചും മറ്റും, ക്ലാക്കന്മാരുടേയും മറ്റും ജോലികൾ വർദ്ധിച്ചുവരുന്നതിനാൽ കാര്യക്ഷമമായി ജോലികൾ നിർവ്വഹിക്കുന്നതിലേയ്ക്ക് ഇങ്ങനെ ഒരു ടെയിനിംഗ് ഏർപ്പെടുത്തേണ്ട ആവശ്യമുണ്ട്. മറ്റു പല സംസ്ഥാനങ്ങളിലും ഇങ്ങനെ തുടങ്ങിയിട്ടുണ്ട്. കൊച്ചിയിലും ഇക്കാര്യത്തിൽ ബലമായി അഭിപ്രായപ്പെട്ടിട്ടുണ്ട്. അതിലേയ്ക്കാണ് 10,000 രൂപ ഈ ഐറ്റത്തിൽ കൊള്ളിച്ചിട്ടുള്ളതു്.

അതുണ്ടു് ഇവിടെ ഞാൻ അവതരിപ്പിച്ചിട്ടുള്ള ഈ സപ്ലിമെൻററി ഗ്രാൻറനുസരിച്ചുള്ള 1,07,200 (ഒരു ലക്ഷത്തി ഏഴായിരത്തി ഇരുനൂറു) രൂപ ഈ സഭ പാസ്സാക്കിത്തരണമെന്നു് അപേക്ഷിച്ചുകൊള്ളുന്നു.

SHRI P. S. NATARAJA PILLAI : As regards item 31, I should like to know whether Government are getting monthly reports or quarterly reports about the progressive realisation of arrears from each Taluk?

ശ്രീ. എ. ജെ. ജോൺ : ഓരോ താലൂക്കുകളിലും കുടിശ്ശിക പിരിക്കുന്ന കാര്യം അപ്പപ്പോൾത്തന്നെ രണ്ടാഴ്ചയിൽ ഒരിക്കൽ അറിയിക്കണമെന്നു് സർക്കുലർ അയച്ചിട്ടുണ്ട്. അതനുസരിച്ചു് ആദ്യം ഒന്നുരണ്ടു മാസങ്ങളിൽ ചില തഹശീൽദാരന്മാർ റിപ്പോർട്ടു് അയയ്ക്കാതെയിരുന്നതുകൊണ്ടു് അവരോടു് സമാധാനം ആവശ്യപ്പെട്ടിട്ടുണ്ട്. ഇപ്പോൾ എല്ലാ താലൂക്കിൽ നിന്നും ബോർഡ് ലേയ്ക്കും, ബോർഡിൽനിന്നും ഗവണ്മെൻറിലേയ്ക്കും അയയ്ക്കുന്നുണ്ട്.

SHRI P. S. NATARAJA PILLAI : What I wanted to know is not about the returns of collections, but about the progress of work in each Taluk pending with the Tahsildar and the report based on that. It may be under Proclamation or attachment. I want to know also, whether a review of the particular work in each Taluk is being done?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എ. ജെ. ജാൺ: അത നുവേണ്ട നടപടി നടത്താൻ ആവശ്യപ്പെട്ടിട്ടുണ്ട്. ഡിസംബർ അവസാനിക്കുന്നതിനു മുൻപു് ഇതിലേയ്ക്കു വേണ്ടതു് ചെയ്യു മെന്നു് നിർദ്ദേശിച്ചിട്ടുണ്ടു്.

SHRI K. P. HORMIS: May I know the nature of the liability under item No 32?

ശ്രീ. എ. ജെ. ജാൺ: ഇപ്പോൾ അതു് പറയാൻ നിവൃത്തിയില്ല.

ശ്രീ. പി. നാരായണൻപോറ്റി: 39–ാം ഐറ്റത്തിൽ, പുതുതായി ടെയിനിംഗ് സ്കൂളുകളും, കോളേജുകളും ആരംഭിക്കാനുള്ള ഒരു പദ്ധതിയുണ്ടെന്നു് കാണുന്നു. അതിനു വേണ്ട സ്ഥലമെല്ലാം മറ്റും തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. എ. ജെ. ജാൺ: ഇൻഡ്യയിൽ പല സ്റ്റേറ്റുകളിലും ഇതുപോലെ ടെയിനിംഗ് കൊടുക്കാൻ ഉദ്ദേശിക്കുന്നുണ്ടു്. അവിടെ അവർ എങ്ങനെയാണു് ഇതു നടത്തുന്നതെന്നുള്ളതിന്റെ ഡീറ്റെയിൽസു് വന്നതിനുശേഷം അതു നോക്കി ആലോചിക്കുന്നതാണു്. മൈസൂർ, ആസാം, ഹൈദരബാദു്, ബീഹാർ, സൗരാഷ്ട്ര, മദ്ധ്യപ്രദേശു്, മദ്ധ്യഭാരത്, പെപ്സു ഇത്രയും സ്ഥലങ്ങളിൽ ഇതുപോലെ ടെയിനിംഗ് കൊടുക്കുന്നതിനു് ആരംഭിച്ചിട്ടുണ്ടു്. അവിടത്തെ സിലബസ്സു വരുത്തി ഏതുവിധത്തിൽ ഇരിക്കുന്നുവെന്നറിഞ്ഞു് ഇവിടെയും പ്രവർത്തിക്കുന്നതായിരിക്കും.

ശ്രീ. പി. നാരായണൻപോറ്റി: ഈ വിവരങ്ങളും ശേഖരിക്കുന്നതിനാണോ പതിനായിരം രൂപ ആവശ്യപ്പെട്ടിരിക്കുന്നതു്?

ശ്രീ. എ. ജെ. ജാൺ: അല്ല, ടെയിനിംഗിന്റെ ആവശ്യത്തിലേയ്ക്കു്.

ശ്രീ. എം. പി. മേനോൻ: സർ, 10,000 രൂപ ഒരു പുതിയ ജാതി പള്ളിക്കൂടം തുറക്കുന്നതിലേയ്ക്കു ചോദിച്ചിരിക്കുകയാണു്. രണ്ടാം പഞ്ചവത്സരപദ്ധതിയുടെ ആവശ്യത്തിലേയ്ക്കായി ക്ലാക്ക്മാരെയും അക്കൗണ്ടന്റുമാരെയും കൂട്ടത്തിലായി ആവശ്യമുണ്ടെന്നും, അവർക്കു പരിശീലനം കൊടുക്കണമെന്നുമുള്ള ഉദ്ദേശത്തോടുകൂടിയാണു് തുക ആവശ്യപ്പെട്ടിട്ടുള്ളതു്. പക്ഷെ, തിരുവിതാംകൂർ–കൊച്ചി സ്റ്റേറ്റിലെ ഇന്നത്തെ സെറ്റപ്പിൽ എങ്ങനെയാണു് ഈ സ്കീം നടത്തിക്കൊണ്ടുപോകുന്നതെന്നും, ഇതുകൊണ്ടെന്തെങ്കിലും പ്രയോജനമുണ്ടാകുമോ എന്നും ഉള്ള കാര്യത്തിൽ എനിക്കു് ബലമായ സംശയമുണ്ടു്. നമ്മുടെ രാജ്യത്തു് യോഗ്യത നോക്കിയോ, പ്രാപ്തി നോക്കിയോ, കഴിവു നോക്കിയോ ഏതെങ്കിലും ജോലിക്കു് ആളുകളെ എടുക്കുന്നുള്ളതു്, എടുത്തിൽ കണ്ട പത്രവിനെപ്പോലെയാണു്. ഭരണപരമായ കാര്യങ്ങളുടെ ഉള്ളുള്ളികളൊന്നും അറിയുകയില്ലെങ്കിലും പത്രപാരായണത്തിൽനിന്നും എനിക്കു മനസ്സിലാക്കുവാൻ കഴിഞ്ഞിടത്തോളം എങ്ങനെയാണു് ഇവിടെ ഉദ്യോഗമുണ്ടാക്കുന്നതു്, എങ്ങനെയാണു് അതിനു യോഗ്യതയുള്ള ആളെ തെരഞ്ഞെടുക്കുന്നതു്, ഏതൊരെങ്കിലും നിയമക്കുമ്പോൾ ഉണ്ടാകുന്ന വടംവലികൾ എന്തെല്ലാമാണു് എന്നു് എനിക്കു നല്ലതുപോലെ അറിയാം.

ശ്രീ. ജോസഫ് ചാഴിക്കാട്ടു്: ഇതെല്ലാം എങ്ങനെയാണു് നടക്കുന്നതെന്നു് ഒന്നുകൂടി വ്യക്തമായി പറയാമോ?

ശ്രീ. എം. പി. മേനോൻ: പറയാം. ഉദാഹരണമായി ഐ. എ. എസ്സു്. നിയമനത്തിനുതന്നെ എടുക്കാം. ഐ. എ. എസ്സു് കാഡറിലേ

LIBRARY ARCHIVES Kerala Legislative Assembly

ഴ്ച്ചള്ള കഴിവു വരുമ്പോൾ ഉടനെ ക്യാബിനറ്റ് കൂട്ടം. ഒരു മന്ത്രി ഇന്ന ആളെ എടുക്കണമെന്നു പറയും. അതു് മറ്റു മന്ത്രിമാർക്കു രസിക്കയില്ല. മറ്റൊരു ജാതിക്കാരനെ നിയമിച്ചാൽ മതി എന്നു വേറൊരു മന്ത്രി പറയും. അഞ്ചു മന്ത്രിമാർ അഞ്ചു് ആളുകളെ നിർദ്ദേശിക്കും. അവസാനം ഒരാളെ തൽക്കാലം നിയമിക്കുകയും, മറ്റു് നാലു പോസ്റ്റുകൾ കൂടി സൃഷ്ടിക്കുകയും, ചെയ്യും. ആളുകൾക്കുവേണ്ടി ഉദ്യോഗം ഉണ്ടാക്കലാണു് പതിവു്. ഇങ്ങനെയാണു് ഇവിടെ കാര്യങ്ങൾ നടക്കുന്നതു്. ഇരുനൂറും, മുന്നൂറും, നാനൂറും, അഞ്ഞൂറും, എണ്ണൂറും രൂപ ശമ്പളമുള്ള ഉദ്യോഗസ്ഥന്മാരുടേയും അതിനു മുകളിലുള്ള ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാരുടേയും നിയമനങ്ങൾ ഉണ്ടാകുമ്പോൾ ഇങ്ങനെ ഇവർ തമ്മിൽത്തന്നെ വഴക്കുകൾ ഉണ്ടാവാറുണ്ടു്. ഇക്കഴിഞ്ഞ ഐ. എ. എസ്സ്. തിരഞ്ഞെടുപ്പുതന്നെ നോക്കുക. എന്തു യോഗ്യത ഇവക്കുണ്ടു്? ഭരണകാര്യങ്ങളിൽ എന്തു പരിജ്ഞാനം ഇവക്കുണ്ടു്? വെറും സാമുദായികപരിഗണനകളേയും, വ്യക്തിപരമായ പരിഗണനകളേയും, തെരഞ്ഞെടുപ്പുകാലത്തു് വോട്ടു കിട്ടാനുള്ള സ്വാധീനത്തിന്റെ പരിഗണനകളേയും അടിസ്ഥാനമാക്കി ഈ നിയമനങ്ങൾ നടത്തുന്നു എന്നല്ലാതെ മറ്റൊന്നും പറയാൻ കാണുന്നില്ല. ഏറ്റവും ഉത്തരവാദബോധത്തോടുകൂടി ജോലിചെയ്യേണ്ട സ്ഥാനങ്ങളിൽ ഇങ്ങനെ തുടരാൻ അനുവദിച്ച ശേഷം, 'സബ്മിറ്റഡ് ഫാർ റിമാർക്സ്', എന്ന മാത്രം എഴുതാനുള്ള ക്ലാർക്കന്മാർക്കു് പത്താംക്ലാസ്സു വരെയുള്ള യോഗ്യത പോരാ, ഗ്രാഡുവേറ്റായാലും പോരാ, ടെയിനിംഗുംകൂടി വേണമെന്നു പറയുന്നതു് ഉചിതമല്ല. ഞാൻ ഈയിടെ തൃശ്ശൂരിൽ പോയപ്പോൾ മണ്ണുത്തിയിൽ ഗ്രാമസേവകടെയിനിംഗുകാരെ കണ്ടു. ഒരു കൊല്ലത്തെയോ രണ്ടുകൊല്ലത്തെയോ ടെയിനിംഗു് അവർക്കുണ്ടെന്നു പറഞ്ഞു. ആറുമാസം അവിടെ സത്യാഗ്രഹം അനുഷ്ഠിക്കണം. അതുകഴിഞ്ഞു് ആറുമാസം അവർ വീട്ടിൽ പോകണം. പിന്നെ ആറുമാസം കഴിഞ്ഞു് കൊട്ടാരക്കരയിൽ പോയി ടെയിനിംഗു നടത്തണം. അതുകഴിഞ്ഞു് ഉദ്യോഗം കൊടുക്കും. മുതുതുരുപയാണു് ശമ്പളം. ബി. എ. പാസ്സായി, ബി. എഡ്-ം പാസ്സായി തൃശ്ശൂരിൽപോയി സത്യാഗ്രഹവും കിടന്നു് ഒടുവിൽ ടെയിനിംഗും നടത്തി വന്നാൽ കിട്ടുന്ന ശമ്പളമിതാണു്. അവിടെ എന്തു ടെയിനിംഗാണു് കൊടുക്കുന്നതെന്നു് ആ വിദ്യാർത്ഥികളോടു് ഞാൻ ചോദിച്ചു. പട്ടി പിടിക്കാനുള്ള ടെയിനിംഗ് എന്നായിരുന്നു അവർ പറഞ്ഞ മറുപടി. നിസ്സാരമായ സ്റ്റൈപ്പെൻഡ് കൊടുത്തു് സർക്കാർ അവരെ പട്ടിണിക്കിടുകയാണു്. ഇതൊക്കെ അദർശപരമായ, മാതൃകാപരമായ നല്ല കാര്യങ്ങളാണു്. പൊതുപണം ചെലവാക്കി ടെയിനിംഗു നടത്തി സർക്കാരിലേയ്ക്കു് എടുക്കുമ്പോൾ അവർക്കു് നല്ല ശമ്പളം കൊടുക്കണം. ശ്രീ. എ. ആർ. മേനോൻ പറഞ്ഞതുപോലെ അവരെക്കൊണ്ടു് നല്ല ജോലി എടുപ്പിക്കണം. പത്താംക്ലാസ്സു പാസ്സായി, സർക്കാർ ഉദ്യോഗത്തിൽ പ്രവേശിച്ചു് പത്തും, ഇരുപതും, മുപ്പതും, കൊല്ലത്തെ സർവ്വീസും പ്രായവുമുള്ള നല്ല ആളുകൾ അനവധി നമുക്കുണ്ടു്. 1800 രൂപ ശമ്പളം വാങ്ങുന്ന ഇന്നത്തെ ഐ. എ. എസ്സ്. കാരെക്കാൾ നല്ല പരിചയമുള്ള ആളുകൾ ഇക്കൂട്ടത്തിലുണ്ടു്. സ്വന്തക്കാർക്കും ബന്ധുക്കാർക്കും ഉദ്യോഗം കൊടുക്കുന്ന കാര്യത്തിലാണു് ഇപ്പോൾ കാണ്ഗ്രസ്സു് ബദ്ധശ്രദ്ധരായിരിക്കുന്നതു്. സാവൃത്തികവും, നീതിപരവുമായ ഒരു മാനദണ്ഡം പുലത്താതിരിക്കുന്നിടത്തോളം കാലം ഇങ്ങനെയുള്ള ഒരു നിർബന്ധപരിശീലനത്തിന്റെ ആവശ്യമുണ്ടായെന്നാണു് ഞാൻ ചോദിക്കുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : സർ, എങ്ങനെ അനുവദിച്ചാൽ ഈ ടെയിനിംഗ് സ്കീം ഒന്നു വിശദമായിട്ടു പഠിക്കാം എന്നു വിചാരിക്കുന്നു. ബഹുമാനപ്പെട്ട ഇളംകുളം മെമ്പറിന്റെ പ്രസംഗം കേട്ടപ്പോൾ എന്താ ഉദ്ദേശ്യത്തിനാണ്, ഈ ടെയിനിംഗ് എന്നു് അദ്ദേഹം ധരിച്ചിട്ടില്ലെന്നു് എനിക്കു തോന്നി. ഈ ടെയിനിംഗ് സ്കൂളിന്റെ ഉദ്ദേശം നമ്മുടെ സർവ്വീസ് റിഫ്ലക്ഷൻ, അക്കൗണ്ട്സ് ഓഡിറ്റ്, പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിലവിലുള്ള റൂൾസ് ഓഫ് അപ്പോയിന്റ്മെന്റ്സ് ഇവയെപ്പറ്റിയുള്ള വിവരങ്ങൾ പുതിയതായി റിക്രൂട്ടുചെയ്തു പ്രവേശിച്ചിട്ടുള്ള ഓഫീസന്മാർക്കു നൽകുന്നതിനുവേണ്ടിയാണ്. അതു സെക്രട്ടറിയേറ്റിലോ എവിടെയാണോ ഇരിക്കുന്നതു്, അതിനോടനുബന്ധിച്ചു നടത്താനാണ് ഉദ്ദേശിച്ചിട്ടുള്ളതു്. ഉദ്യോഗങ്ങളിൽ പ്രവേശിച്ചിട്ടുള്ള ക്ലാസ്സുകളിൽ 50 പേരിലധികം വരുന്നതു ടെയിനിംഗ് നൽകണമെന്നാണുദ്ദേശം. അതനുസരിച്ചു ടെയിനിംഗ് നടത്തുന്ന സമയത്തു് അവർക്കെന്തെങ്കിലും അത്യാവശ്യം അതു കൊടുക്കും. ഇപ്രകാരം ടെയിനിംഗ് നടത്തിയാൽ അവരുടെ ജോലി നിർവഹിക്കുന്നതിനു കുറച്ചെങ്കിലും മാനിഫീരുമെന്നുകണ്ടുതന്നെ ഞാൻ അങ്ങനെ തീരുമാനിച്ചതാണ്. ഇപ്പോൾ ഗവൺമെന്റിന്റെ പല ഡിപ്പാർട്ടുമെന്റുകളും പരിശോധിച്ചപ്പോൾ വലിയ കാലതാമസം ഉണ്ടാകുന്നതായി കാണുന്നു.

ശ്രീ. എം. പി. മേനോൻ : ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റിൽ പറയുന്നതു് ഇപ്രകാരമാണ്:

"It has become necessary to recruit a large number of fresh hands in all departments. Unless they are properly trained before they are posted to their work etc." ഇവിടെ 'ഫ്രെഷ് ഹാൻഡ്സ്' എന്നാണ പറയുന്നതു്.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു ശരിയാണ്. ടെയിനിംഗിനായി എടുക്കുമ്പോൾ എല്ലാവരും ഫ്രെഷ് ഹാൻഡ്സാണ്. ജോലിക്കു നിയമിച്ചശേഷം ടെയിനിംഗ് കൊടുക്കുക.

ശ്രീ. ടി. കെ. ദിവാകരൻ : എസ്റ്റിമേറ്റ്സ് കമ്മിറ്റിയും പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയും ശുപാർശ ചെയ്തിട്ടുള്ളതു പബ്ലിക്ക് സർവ്വീസ് കമ്മിഷൻ ശുപാർശ ചെയ്യുന്നവർക്കു ടെയിനിംഗ് കൊടുക്കണമെന്നാണല്ലോ. അതും ഇതും തമ്മിൽ വൈരുദ്ധ്യമുണ്ടോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇതു ചെയ്യുന്നതു് പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ ശുപാർശ അനുസരിച്ചാണ്. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി പറഞ്ഞതു്, പബ്ലിക്ക് സർവ്വീസ് കമ്മിഷൻ റിക്രൂട്ടുചെയ്യണം, അതിനുശേഷം അവർക്കു ഈവക നിയമങ്ങളെ സംബന്ധിച്ചു ഒരു ടെയിനിംഗ് കൊടുക്കണം, എന്നിട്ടു ജോലിക്കു നിയമിക്കണമെന്നാണ്.

ശ്രീ. കെ. എ. ശിവരാമഭാരതി : പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റി ശുപാർശ ചെയ്തിരിക്കുന്നതു്, ഉദ്യോഗസ്ഥന്മാർക്കുതന്നെ ടെയിനിംഗ് കൊടുക്കണമെന്നല്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഇടയിൽക്കയറി ചോദിക്കുന്നതുകൊണ്ടാണ് ഈ വിഷമം ഉണ്ടാകുന്നതു്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെതന്നെ, ഇപ്പോൾ ജോലിയിലിരിക്കുന്ന ആളുകളേയും സെലക്റ്റ് ചെയ്യണം.

ശ്രീ. ടി. കെ. ദിവാകരൻ : അപ്പോൾ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ റിക്രൂട്ട് ചെയ്തിട്ട് ട്രെയിനിംഗ് നടക്കുന്നവർക്ക് ഗ്രാന്റൊന്നും ഉണ്ടായിരിക്കയില്ലെ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അവർക്ക് ഒരു മെയിന്റനൻസ് ഗ്രാന്റ് കൊടുക്കും. ഇല്ലെങ്കിൽ അവർ വിഷമിക്കും.

ഇങ്ങനെ ഒരു സ്കീമാണ് ഇവിടെ ഉണ്ടാക്കിയിട്ടുള്ളത്. പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയും കംപ്ട്രോളറും ഇതിനെ ക്രിട്ടിസൈസ് ചെയ്യാനുള്ള കാരണവും ഗവണ്മെന്റിനു് ഇങ്ങനെ വേണമെന്നു തോന്നാനുള്ള കാരണവുംകൂടി ഞാൻ പറയാം. ഇതിന്റെ ഗവണ്മെന്റ് നടപടികൾക്കു വളരെ കാലതാമസം വരുന്നുണ്ട്. പെൻഷൻ പാസ്സാക്കാൻ അധികം കാലതാമസം വരുന്നതെന്തെന്നു പെൻഷൻ വാങ്ങുന്ന ഉദ്യോഗസ്ഥന്മാർക്കും പൊതുജനങ്ങൾക്കും ഒരു ധാരണയുണ്ട്. വളരെ പ്രയാസപ്പെൻഷൻ കിട്ടാൻ ഇടയാക്കുമെന്നു കരുതി നിഷ്കർഷയായി ശ്രമിച്ചാലും വേണ്ടിടത്തോളം പുരോഗതി ആ വിഷയത്തിൽ ഉണ്ടാകുന്നില്ല. എന്താണു കാരണം? പല ആഫീസുകളിലും എന്താണിനി ചെയ്യേണ്ടതെന്നറിയാൻ പാടില്ലാത്തത്ര അളവിൽ ഉണ്ട്. ഇതു പബ്ലിക്ക് അക്കൗണ്ട്സ് കമ്മിറ്റിയുടെ നോട്ടീസിൽ വന്നിട്ടുള്ളതാണ്. അതുപോലെതന്നെ കംപ്ട്രോളുടെ ഓഡിറ്റ് ഒബ്ജക്ഷൻ ഉണ്ടാകും. തക്ക സമാധാനം പലേ ആഫീസുകളിലും കൊടുക്കാൻ സാധിക്കുന്നില്ല. എന്താണു കാരണമെന്നു നോക്കിയപ്പോൾ അതിനെ സംബന്ധിച്ചുള്ള പ്രസക്തമായ രേഖകളും റിജിസ്റ്റേഷനുകളും നമ്മുടെ ആഫീസുകളിലുള്ള പല ആളുകൾക്കും നല്ല നിശ്ചയമില്ല എന്നു കാണുന്നു. ഇപ്പോൾ ചെയ്യുന്നതുപോലെയുള്ള കാര്യങ്ങൾ മാത്രമേ മേലും നടത്തേണ്ടതുള്ളു എങ്കിൽ തരക്കേടില്ലായിരുന്നു. പഞ്ചവത്സരപദ്ധതി നടപ്പിൽ വരുത്തുമ്പോൾ വളരെയധികം പണം ഇവിടെ ചെലവുചെയ്യേണ്ടതായിവരും. ഒരു ഏകദേശക്കണക്കെടുത്തു പറഞ്ഞാൽ ഇനി ചെലവുചെയ്യാൻപോകുന്നതുക ഇപ്പോൾ ഉള്ളതിനെ ഇരട്ടിക്കാൻ പോകയാണ്. അപ്പോൾ എല്ലാ ഡിപ്പാർട്ടുമെന്റുകളിലും ജോലിചെയ്യുന്നതിനു സാമർത്ഥ്യവും പരിചയവും പരിശീലനവുമുള്ള ഒരു സർവ്വീസില്ലെങ്കിൽ അതു വളരെ ദോഷംചെയ്യുമെന്നു പബ്ലിക്ക് അക്കൗണ്ട്സ് കമ്മറ്റിക്കു ബോദ്ധ്യമായി. കംപ്ട്രോളർ അതു റെക്കമെൻഡ് ചെയ്തു. ഗവണ്മെന്റിനു് അതു ബോദ്ധ്യമാവുകയും ചെയ്തു. അതുകൊണ്ടാണ് ഇങ്ങനെ സ്കീം വയ്ക്കുവാൻ ഉദ്ദേശിക്കുന്നതു്.

ഇങ്ങനെയുള്ള ഒരു ട്രെയിനിംഗ് സ്കീമിനെപ്പറ്റി ആലോചിക്കുന്ന ഈ സന്ദർഭത്തിൽ ശ്രീ. എം. പി. മേനോൻ ഉന്നയിച്ച ആക്ഷേപത്തിനു സംഗതമായ ഒന്നും തോന്നുന്നില്ല. ഐ. എ. എസ്സ്. നിയമനത്തിനും നടത്തുന്നതു് കൃഷ്ണനാണെ, അല്ലെങ്കിൽ ഇവിടത്തെ ഗവണ്മെന്റിനെ ആണു്, മറ്റു പല കാര്യത്തിലും പരിജ്ഞാനം സിദ്ധിച്ചിട്ടുള്ള മി. മേനോനു് എങ്ങനെ തോന്നി എന്നു എനിക്കു നിശ്ചയമില്ല.

ശ്രീ. എം. പി. മേനോൻ : ചീഫ് സെക്രട്ടറി, അവരെ നിയമിക്കുന്നതിനുള്ള ബോർഡിലെ ഒരു മെംബറല്ലേ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ക്യാബിനറ്റുകൂടി ആരെയാണ് ഐ. എ എസ്സ്. കാരനായി നിയമിക്കേണ്ടതു് എന്നും ക്യാബിനറ്റിൽ വഴക്കുണ്ടായി എന്നും മറ്റുമാ ല്ലോ മി. മേനോൻ പറഞ്ഞതു്.

ശ്രീ. എം. പി. മേനോൻ : ക്യാബിനറ്റിൽ ചീഫ് സെക്രട്ടറി ഹാജരാകുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ: അതും ശരിയല്ല. ഞാൻ ഇതു് ആവർത്തിച്ചു പറയുന്നതു് വളരെ അധികം ആളുകൾക്ക് ഇതിനെപ്പറ്റി തെറ്റിദ്ധാരണയുണ്ടെന്നു കാണുന്നതുകൊണ്ടാണു്. ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാരെ നിയമിച്ചിട്ടുള്ളതു് ഇൻഡ്യാഗവണ്മെൻറാണു്. യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മിഷന്റെ ശുപാർശയനുസരിച്ചാണു് നിയമനം നടത്തുന്നതു്. എന്നാൽ നമ്മുടെ ഗവണ്മെൻറിനു് ഇവിടെനിന്നും ഐ. എ. എസ്സ്. ആഫീസറന്മാരെ നിയമിക്കുന്നതിനെ സംബന്ധിച്ചു് അഭിപ്രായം വേണമെങ്കിൽ എഴുതി അയയ്ക്കാം. അവസാന തീരുമാനം ചെയ്യുന്നതു് ഇൻഡ്യാഗവണ്മെൻറിന്റെ ഹോം മിനിസ്ട്രിയും പബ്ലിക്ക് സർവ്വീസ് കമ്മിഷനും കൂടിയാണു്.

ശ്രീ. യു. നീലകണ്ഠൻ : നമ്മുടെ ഗവണ്മെൻറിൽനിന്നും എഴുതി അയയ്ക്കുന്ന അഭിപ്രായത്തെ ഇൻഡ്യാഗവണ്മെൻറ് ബഹുമാനിക്കുകയില്ലേ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : യൂണിയൻ പബ്ലിക്ക് സർവ്വീസ് കമ്മിഷൻ എന്നു പറയുന്നതു നമ്മുടെ ഗവണ്മെൻറിൽ നിന്നു മാത്രമല്ല ഇൻഡ്യാഗവണ്മെൻറിൽനിന്നുംതന്നെ സ്വതന്ത്രമായി നിൽക്കുന്ന ഒരു സ്ഥാപനമാണു്. നേരെമറിച്ചു് ഇവിടത്തെ പബ്ലിക്ക് സർവ്വീസ് കമ്മിഷനാണെങ്കിൽ ഇവിടത്തെ ഗവണ്മെൻറ പറയുന്നതുപോലെ അനുസരിച്ചേയ്യും. എന്നാൽ യൂണിയൻ സർവ്വീസ് കമ്മിഷൻ ഭരണഘടനയനുസരിച്ചു് സ്വതന്ത്രമായി പ്രവർത്തനം നടത്തുന്ന ഒരു സ്ഥാപനം ആണു്. പാർലമെൻറിത്തന്നെ ഒരു നിയമം പാസ്സാക്കിയിട്ടുണ്ടു്. അതനുസരിച്ചാണു് അവർ പ്രവർത്തിക്കുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : സർ, ഐ. എ. എസ്സി-നെപ്പറ്റി ഒരു വിജ്ഞാനഭണ്ഡാഗാരം ഉണ്ടാക്കാൻ ആണെന്നു തോന്നുന്നു മുഖ്യമന്ത്രിയുടെ ഒരുക്കം.

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : ഐ. എ. എസ്സി-നെപ്പറ്റി ഇവിടെ ഒരു കരടു് ജ്ഞാനമെങ്കിലും ഉണ്ടാകണമല്ലോ എന്നു വിചാരിച്ചാണു് ഇത്രയും പറഞ്ഞതു്.

ശ്രീ. ആർ. പ്രകാശം : ഇൻഡ്യാഗവണ്മെൻറാണു് ഐ. എ. എസ്. കാരെ നിയമിക്കുന്നതെങ്കിൽ കത്തോലിക്കരെ ആ സ്ഥാനത്തേയ്ക്കു് ഈ ഗവണ്മെൻറ് നിയമിച്ചില്ലായെന്നു് ശ്രീ. കെ. എം. കോര പത്രങ്ങളിൽ ആവലാതിപ്പെട്ടതു് എന്തുകൊണ്ടാണു്?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതു് അദ്ദേഹത്തോടുതന്നെ ചോദിക്കണം.

ശ്രീ. എ. താണുപിള്ള : ഒടുവിൽ ഐ. എ. എസ്സ്. കാരെ റിക്രൂട്ടു ചെയ്യുന്നതിനു് ഉണ്ടാക്കിയ കമ്മിറ്റിയിലെ അംഗങ്ങൾ ആരെല്ലാമായിരുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : യൂണിയൻ പബ്ലിക് സർവ്വീസ് കമ്മിഷന്റെ ചെയർമാനും, ഇവിടത്തെ ചീഫ് സെക്രട്ടറിയും സീനിയർ ഐ. എ. എസ്സ്. ഉദ്യോഗസ്ഥന്മാരാണ്.

ശ്രീ. എ. താണുപിള്ള : ചില ഉദ്യോഗസ്ഥന്മാരുടെ സീനിയോറിറ്റി ഈ കാര്യത്തിൽ അവഗണിച്ചിട്ടുള്ളതായി കേൾക്കുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അങ്ങനെ അവഗണിച്ചിട്ടുള്ളതായി അറിവില്ല. ഐ. എ. എസ്സ്. നിയമനത്തെ സംബന്ധിച്ച് ചില മാനദണ്ഡങ്ങളെല്ലാം വേണമെന്ന് നിശ്ചയിച്ചിട്ടുണ്ട്. അതനുസരിച്ചിട്ടാണ് നിയമനം നടത്തുന്നതു്.

ശ്രീ. ടി. കെ. ദിവാകരൻ : ഐ. എ. എസ്സ്. ഉദ്യോഗത്തിലെ യോഗ്യതയില്ലാത്ത ആളെ ലിസ്റ്റിൽ ചേർത്തു സുപാർശ ചെയ്തിട്ടുള്ളതായി കേൾക്കുന്നതു ശരിയാണോ?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : എനിക്ക് അതിനെപ്പറ്റി അറിവില്ല.

SHRI T. S. RAMASWAMI: Are the Government aware that there are no manuals in the Department and some of the codes are out of date?

ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ : അതുകൊണ്ടും മറ്റുമാണെന്നറിഞ്ഞതുകൊണ്ടുതന്നെ ഒരു മാനുവൽ തയ്യാറാക്കുന്നുണ്ട്.

SHRI T. S. RAMASWAMI: Do the Government propose to prepare the Manuals?

SHRI PANAMPILLI GOVINDA MENON: Certainly.

The question that a supplementary sum not exceeding Rs. 1,07,200 be granted under Demand XII—25 General Administration was put and carried.

The grant was made.

SHRI A. A. D. LUIZ: Sir, I rise to a point of order The demise of Chevalier Thariathu Kunjithoman was brought to the notice of your office by an hon. member of this House who was present at the funeral. Mr. Kunjithoman was a member of this House for about forty years and one who has made contributions for the establishment of popular Government in the State.

SHRI A. THANU PILLAI: Sir, is the member going to make a reference? In that case I would suggest that it may be done by the Hon Speaker himself.

SHRI A. A. D. LUIZ: Sir, I would request that in honour of the late Chevalier Thariathu Kunjithoman you would be pleased to make a reference in this House.

LIBRARY ARCHIVES Kerala Legislative Assembly

MR. SPEAKER: The reference will be made in due time.

Demand XIV—28 Jails.

Home Minister (SHRI A. J. JOHN): Sir, I move for a supplementary grant of Rs. 65,000 under Demand XIV--28 Jails.

ബഡ്ജറ്റിൽ ജയിൽ ഡിപ്പാർട്ടുമെന്റിനുവേണ്ട 50,000 രൂപയാണ് കൊള്ളിച്ചു ചെന്നതു്. ഇപ്പോൾ കൂടുതൽ സബ് ജയിലുകൾ അനുവദിച്ചിട്ടുണ്ടു്. അതിനാൽ ഇപ്പോഴത്തെ ശമ്പളവും അലവൻസും കഴിച്ചു് ജയിപ്പുള്ളികളുടെ ചെലവുകൾക്കു വേണ്ടി പതിനായിരത്തി അറുനൂറോണം 65,000 രൂപകൂടി കൂടുതലായി വേണമെന്നു് അപേക്ഷിക്കുന്നു. ഈ തുക സഭ അനുവദിക്കുമെന്നു അപേക്ഷിക്കുന്നു.

Chief Minister (SHRI PANAMPILLI GOVINDA MENON): I second it.

DR. A. R. MENON: Did you carry out all the recommendations contained in the Report of the Jail reforms Committee?

SRI A. J. JOHN: Some of the recommendations have been carried out.

DR. A. R. MENON: I wish to know the number of recommendations carried out and those that were not.

SHRI A. J. JOHN: Some of the recommendations have already been carried out. Others relate to sub-jails which have not yet been opened. They will be taken up as early as possible.

DR. A. R. MENON: In the report some privileges were conceded to the convicts. Will the Government be pleased to implement them?

SHRI A. J. JOHN: Government have already passed orders sanctioning them. I think they were placed before the Assembly last time.

The question that a supplementary sum not exceeding Rs. 65,000—be granted under Demand XIV- 28 Jails was put and carried.

The grant was made.

Demand XVII—37—Education.

Chief Minister (SHRI PANAMPILLI GOVINDA MENON): I move for a supplementary grant of Rs.1,40,500 under Demand XVII-37 Education.

Home Minister (SHRI A. J. JOHN): I second it.

LIBRARY ARCHIVES Kerala Legislative Assembly